പതിനാലാം കേരള നിയമസഭ

ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :649

13.01.2021 ൽ മറുപടിക്ക്

## കെ.എസ്.ഇ.ബി. ജീവനക്കാരുടെ ഇൻഷ്വറൻസ് പരിരക്ഷ

ചോദ്യം

ശ്രീ . മഞ്ഞളാംകുഴി അലി

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) ഈ സർക്കാർ വന്നശേഷം വൈദ്യുതി ലൈനിലെ ജോലിക്കിടെ പരിക്കേറ്റ കെ.എസ്.ഇ.ബി. ജീവനക്കാർ എത്ര; മരണപ്പെട്ടവർ എത്ര; ഇതിൽ സ്ഥിരം ജീവനക്കാർ എത്ര; താത്കാലിക ജീവനക്കാർ എത്ര; വിശദമാക്കാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതു മുതൽ നാളിതുവരെയുള്ള കാലയളവിൽ വൈദ്യുതി ലൈനിലെ ജോലിക്കിടയിൽ ഉണ്ടായ അപകടങ്ങളിൽ പരിക്കേൽക്കുകയും മരണപ്പെടുകയും ചെയ്ത സ്ഥിരം ജീവനക്കാരുടെയും കരാർ തൊഴിലാളികളുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1.സ്ഥിരം ജീവനക്കാർ<br><br>അപകടത്തിൽപ്പെട്ട് മരണം സംഭവിച്ചവർ - 29 പേർ<br>അപകടത്തിൽ പരിക്കേറ്റവർ - 378 പേർ<br><br>2.കരാർ തൊഴിലാളികൾ<br><br>അപകടത്തിൽപ്പെട്ട് മരണം സംഭവിച്ചവർ - 37പേർ<br>അപകടത്തിൽ പരിക്കേറ്റവർ - 107പേർ<br><br>അപകടത്തിൽ പരിക്കേറ്റതായി മുകളിൽ സൂചിപ്പിച്ചിരിക്കുന്നവരുടെ എണ്ണത്തിൽ കൂടുതൽ പേരുടെയും പരിക്കുകൾ ഗുരുതരമല്ല. |
| (ബി) ഇത്തരത്തിൽ പരിക്കേൽക്കുകയും മരണപ്പെടുകയും ചെയ്തവർക്ക് എന്തെല്ലാം സഹായം നൽകിയിട്ടുണ്ട്; ഇനി എത്ര പേർക്ക് സഹായം നൽകാൻ ബാക്കിയുണ്ട്; | (ബി) കെ.എസ്.ഇ.ബി.ലിമിറ്റഡിന്റെ കീഴിൽ ചുമതലപ്പെടുത്തിയ ജോലിയിൽ ഏർപ്പെട്ടിരിക്കുമ്പോൾ അപകടത്തിൽപ്പെടുകയോ അപകടമരണം സംഭവിക്കുകയോ ചെയ്യുന്ന സ്ഥിരം ജീവനക്കാർ / കരാർ തൊഴിലാളികൾക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ചാണ് നഷ്ടപരിഹാരം നിശ്ചയിക്കുന്നത്. കൂടാതെ സ്ഥിരം ജീവനക്കാർക്ക് ദീർഘകാല കരാർ പ്രകാരം സാമ്പത്തിക ആനുകൂല്യങ്ങളും നൽകിവരുന്നു. ഇപ്രകാരം താഴെ പറയുന്ന നഷ്ടപരിഹാരത്തിനും സാമ്പത്തിക ആനുകൂല്യങ്ങൾക്കും അർഹതയുണ്ട്.<br><br>**(1) സ്ഥിരം ജീവനക്കാർ**<br><br>(എ) മരണാനന്തര നഷ്ടപരിഹാരം<br><br>1.പ്രായത്തിനും മാസവേതനത്തിനും ആനുപാതികമായ നഷ്ടപരിഹാരം.<br>2. ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം 10 ലക്ഷം രൂപ, ഇൻഷ്വറൻസ് പദ്ധതിയുടെ നിബന്ധനകൾക്ക് വിധേയമായി സ്റ്റേറ്റ് ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റിൽ നിന്നും |

ലഭിക്കുവാൻ അർഹതയുണ്ട്.

3. വൈദ്യുതി ബോർഡ് തൊഴിലാളി ക്ഷേമനിധിയിൽ നിന്നും മരണാനന്തര ആനുകൂല്യമായി 10 ലക്ഷം രൂപ ലഭിക്കുവാൻ അർഹതയുണ്ട്.

4. അപകടം സംഭവിക്കുന്ന ജീവനക്കാരന്റെ ആശ്രിതരിൽ ഒരാൾക്ക് വിദ്യാഭ്യാസ യോഗ്യത അനുസരിച്ച് ബോർഡിൽ ആശ്രിത നിയമനം ലഭിക്കുന്നതിനും മറ്റെല്ലാവിധ സർവ്വീസ് ആനുകൂല്യങ്ങൾക്കും അർഹതയുണ്ട്.

5. ശവസംസ്കാര ചെലവിനായി 7,500/- രൂപയ്ക്ക് അർഹതയുണ്ട്. (LTS 2016 പ്രകാരം).

(ബി) മാരകമല്ലാത്ത അപകടത്തിൽപ്പെടുന്ന ബോർഡ് ജീവനക്കാർക്ക് നൽകുന്ന നഷ്ടപരിഹാരം.

(1) സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യം ഉണ്ടായാൽ ജില്ലാ മെഡിക്കൽ ബോർഡ് നൽകുന്ന അംഗവൈകല്യത്തിന്റെ ശതമാനം തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പ്രായത്തിനും മാസവേതനത്തിനും ആനുപാതികമായ അവശതാ നഷ്ടപരിഹാരം.

(2) അപകടം സംഭവിക്കുന്ന തൊഴിലാളിക്ക് ചികിത്സയ്ക്കും വിശ്രമത്തിനും ശിപാർശ ചെയ്തുകൊണ്ട് ഡോക്ടർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റിന്റെയും ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ അർദ്ധമാസികാ നഷ്ടപരിഹാരമോ അല്ലായെങ്കിൽ പ്രത്യേകഅവശതാ അവധിയ്ക്കോ അർഹതയുണ്ട്.

(3) കെ.എസ്.ഇ.ബി ലിമിറ്റഡിലെ ദീർഘകാല കരാർ പ്രകാരം അപകടത്തിന് ഇരയാകുന്ന ജീവനക്കാർക്ക് പൂർണ്ണമായ മെഡിക്കൽ ചികിത്സാ ചെലവിനും അർഹതയുണ്ട്.

കെ.എസ്.ഇ.ബി ലിമിറ്റഡിലെ ഓഫീസർ വിഭാഗത്തിൽ വരുന്ന ജീവനക്കാർ 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമത്തിന്റെ പരിധിയിൽ വരുന്നില്ല. എന്നിരുന്നാലും ജോലിക്കിടെ അപകടമരണം സംഭവിക്കുന്ന ഓഫീസർ വിഭാഗത്തിൽ പെടുന്ന ബോർഡ് ജീവനക്കാർക്കും കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ തീരുമാനങ്ങൾക്ക് വിധേയമായി 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമത്തിന്റെ വ്യവസ്ഥകൾക്കനുസൃതമായി പ്രായത്തിനും മാസവേതനത്തിനും ആനുപാതികമായ ആശ്വാസധനസഹായവും പൂർണ്ണമായ ചികിത്സാ ചെലവും നൽകുന്നു. ഇതിലുപരിയായി ജോലിക്കിടെ അപകടമരണം സംഭവിക്കുന്ന തൊഴിലാളികൾക്ക് നൽകുന്ന മുകളിൽ പറഞ്ഞ എല്ലാ മരണാനന്തര സാമ്പത്തിക ആനുകൂല്യങ്ങളും ഓഫീസർ വിഭാഗത്തിനും ലഭിക്കുന്നതിന് അർഹതയുണ്ട്.

## II.കരാർ തൊഴിലാളികൾക്ക് നൽകുന്ന നഷ്ടപരിഹാരം

5 ലക്ഷം രൂപയിൽ കവിയാത്ത അടങ്കൽ തുകയ്ക്കുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന ചെറുകിട കരാറുകാരുടെ കീഴിൽ ജോലി ചെയ്യുന്ന

തൊഴിലാളികൾക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് താഴെ പറയുന്ന ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്.

**(എ) മരണാനന്തര നഷ്ടപരിഹാരം**

1. മാസവേതനത്തിനും പ്രായത്തിനും ആനുപാതികമായ നഷ്ട-പരിഹാരം
2. ശവസംസ്കാര ചെലവിനായി 5,000/- രൂപയ്ക്ക് അർഹതയുണ്ട്. (1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമപ്രകാരം)

**(ബി) മാരകമല്ലാത്ത അപകടത്തിൽപ്പെടുന്ന കരാർ തൊഴിലാളികൾക്ക് നൽകുന്ന നഷ്ടപരിഹാരം**

1. സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യം ഉണ്ടായാൽ ജില്ലാ മെഡിക്കൽ ബോർഡ് നൽകുന്ന അംഗവൈകല്യത്തിന്റെ ശതമാനം തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പ്രായത്തിനും മാസവേതനത്തിനും ആനുപാതികമായ അവശതാ നഷ്ടപരിഹാരം.
2. അപകടം സംഭവിക്കുന്ന തൊഴിലാളിക്ക് ചികിത്സയ്ക്കും വിശ്രമത്തിനും ശിപാർശ ചെയ്തുകൊണ്ട് ഡോക്ടർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റിന്റെയും ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ അർദ്ധമാസികാ നഷ്ടപരിഹാരം.

5 ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരുടെ കീഴിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് ജോലിക്കിടെ അപകടമോ അപകടമരണമോ സംഭവിക്കുകയാണെങ്കിൽ നഷ്ടപരിഹാരം നൽകുന്നതിനുള്ള പൂർണ്ണമായ ഉത്തരവാദിത്തം കരാറുകാരനായിരിക്കും. 5 ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരൻ അയാളുടെ കീഴിലുള്ള തൊഴിലാളികൾക്ക് അപകട ഇൻഷുറൻസ് പരിരക്ഷ ഉറപ്പുവരുത്തേണ്ടതാണ്. അപകടമരണം സംഭവിക്കുന്ന തൊഴിലാളിയുടെ നഷ്ടപരിഹാര തുക 1923-ലെ തൊഴിലാളി നഷ്ടപരിഹാരനിയമം അനുസരിച്ച് കണക്കാക്കുകയും പ്രസ്തുത തുക ഇൻഷുറൻസ് ക്ലെയിം/കരാറുകാരന് കെട്ടിവച്ചിട്ടുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ്/ കരാറുകാരനിൽ നിന്നോ ഈടാക്കി നഷ്ടപരിഹാരം അനുവദിക്കുവാനുള്ള നടപടിക്രമങ്ങൾ പാലിച്ചു വരുന്നു.

നഷ്ടപരിഹാരത്തിന്റെ അർഹത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കാത്തത്, കരാറുകാരന് നഷ്ടപരിഹാര ബാധ്യത, അനധികൃത പ്രവർത്തിക്കിടയിലുണ്ടായ അപകടം എന്നീ കാരണങ്ങളാൽ മരണപ്പെട്ട 6 സ്ഥിരം ജീവനക്കാരുടെയും 13 കരാർ തൊഴിലാളികളുടെയും ആശ്രിതർക്ക് നഷ്ടപരിഹാരം നൽകാൻ ബാക്കിയുണ്ട്.

| | |
|---|---|
| (സി) വൈദ്യുതി ലൈനിൽ ജോലി ചെയ്യേണ്ടി വരുന്ന ജീവനക്കാർക്ക് ഏതെങ്കിലും ഇൻഷ്വറൻസ് പരിരക്ഷ കെ.എസ്.ഇ.ബി. ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; ഇല്ലെങ്കിൽ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുമോ? | (സി) കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിലെ മുഴുവൻ ജീവനക്കാർക്കും 10 ലക്ഷം രൂപയുടെ അപകട ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതിനായി ഇൻഷ്വറൻസ് ഡയറക്ടറേറ്റിനു കീഴിലുള്ള GPAIS പദ്ധതിയിൽ അംഗത്വം നേടിയിരുന്നു. 2021 വർഷത്തിൽ പ്രസ്തുത പദ്ധതിയിൽ അംഗത്വം എടുക്കുന്നതിനായുള്ള നടപടികൾ ബോർഡ് തലത്തിൽ സ്വീകരിച്ചു വരുന്നുണ്ട്.<br>കരാർ തൊഴിലാളികൾക്കായി ബോർഡ് തലത്തിൽ യാതൊരുവിധ ഇൻഷ്വറൻസ് പദ്ധതികളും ഇപ്പോൾ നിലവിലില്ല. |

സെക്ഷൻ ഓഫീസർ